# പ്രവേശന പരീക്ഷാ കമ്മീഷണറുടെ നടപടി ക്രമം
## ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം–1

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം– സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017–18 അധ്യയന വർഷം എം.ബി.ബി.എസ് കോഴ്സിൽ പ്രവേശനം ലഭിച്ച ഒന്നാം വർഷത്തെ അഞ്ച് വിദ്യാർത്ഥികൾക്ക് കൂടി ബി.പി.എൽ സ്കോളർഷിപ്പ് അനുവദിച്ച് ഉത്തരവാകുന്നു.

**നം. എ3/2378/2018/പ്ര.പ.ക** **തീയതി: 14.11.2019**

പരാമർശം:
(1) ജി.ഒ (എം.എസ്)നം.107/2018/ആ.കു.വ. തീയതി 06.06.2018.
(2) ജി.ഒ (എം.എസ്)നം.138/2018/ആ.കു.വ. തീയതി 19.07.2018.
(3) ജി.ഒ (എം.എസ്)നം.169/2018/ആ.കു.വ. തീയതി 19.08.2018.
(4) ജി.ഒ (പി) നം. 40/ 2018 /ആ.കു.വ. തീയതി 09.04.2018.
(5) വിവിധ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകൾ.
(6) ജില്ലാ കളക്ടർമാരിൽനിന്നു ലഭിച്ച പുന:പരിശോധനാ റിപ്പോർട്ടുകൾ.
(7) ഈ കാര്യാലയത്തിലെ 31.05.2019–ലെ ഇതേ നം.ഉത്തരവ്.
(8) അഡ്മിഷൻ& ഫീ റെഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ ചെയർമാന്റെ 25.06.2019–ലെ AFRC 100/17/MBBS/ CFBPL നം. കത്ത്.
(9) ഈ കാര്യാലയത്തിലെ 26.07.2019, 14.08.2019 എന്നീ തീയതികളിലായി AFRC-ക്ക് നൽകിയ കത്തുകൾ.
(10) അഡ്മിഷൻ& ഫീ റെഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ ചെയർമാന്റെ 06.08.2019, 16.08.2019 എന്നീ തീയതികളിലെ AFRC 100/17/MBBS/ CFBPL നം. ഉത്തരവുകൾ.
(11) കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ്, പ്രിൻസിപ്പാളിന്റെ 27.08.2019–ലെ ബി.1/4240/15/ജി.എം.സി.കെ.
(12) അഡ്മിഷൻ& ഫീ റെഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ ചെയർമാന്റെ 13.08.2018–ലെ AFRC 50/17/MBBS/ ACME നം. ഉത്തരവ്.
(13) ഈ കാര്യാലയത്തിലെ 29.08.2019–ലെ ഇതേ നം.കത്ത്.
(14) ഈ കാര്യാലയത്തിലെ 26.10.2019 തീയതിയിൽ AFRC-ക്ക് നൽകിയ ഇതേ നം.കത്ത്.
(15) അഡ്മിഷൻ& ഫീ റെഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ ചെയർമാന്റെ 11.11.2019–ലെ ASC-100/17/MBBS/CFBPC നം.ഉത്തരവ്.

## ഉത്തരവ്

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017–18 അധ്യയന വർഷം മുതൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള (ബി.പി.എൽ) വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് രൂപത്തിൽ ഫീസ് ഇളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരാമർശം (1), (2), (3) ഉത്തരവുകൾ പ്രകാരം സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2017–18 അധ്യയനവർഷത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ ബി.പി.എൽ സ്കോളർഷിപ്പിനായി സമർപ്പിച്ചിരുന്ന അപേക്ഷകളിൻമേൽ വിവിധ ജില്ലാ കളക്ടർമാർ നൽകിയ പരിശോധനാ റിപ്പോർട്ടുകളിലെ വെയ്റ്റേജ്

മാർക്കിന്റെ അടിസ്ഥാനത്തിൽ വെയ്റ്റേജ് 30 മാർക്കും അതിൽ കൂടുതലും ലഭിച്ച 88 വിദ്യാർത്ഥികൾക്ക് പരാമർശം (7), (13) ഉത്തരവുകൾ പ്രകാരം ബി.പി.എൽ സ്കോളർഷിപ്പ് അനുവദിച്ച് ഉത്തരവ് നൽകുകയും, പ്രസ്തുത വിദ്യാർത്ഥികൾക്ക് ഒന്നാം വർഷത്തെ ട്യൂഷൻ ഫീസിന്റെ 90% തുക സ്കോളർഷിപ്പായി കോർപ്പസ് ഫണ്ടിൽനിന്നും വിതരണം ചെയ്തതുമാണ്.

വിവിധ ജില്ലാകളക്ടർമാർ നൽകിയ പരിശോധനാ റിപ്പോർട്ടുകളിലെ വെയിറ്റേജ് മാർക്ക് സംബന്ധിച്ച് ആക്ഷേപം ഉള്ളവർക്ക് ആക്ഷേപം ഉന്നയിക്കാൻ അവസരം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ ലഭ്യമായ പരാതികളിൽ പുനഃപരിശോധനാർഹമെന്ന് പ്രഥമദൃഷ്ട്യാൽ കണ്ട അപേക്ഷകൾ പുനഃപരിശോധനയ്ക്കായി അതാത് ജില്ലാ കളക്ടർമാർക്ക് അയച്ചു നൽകിയിരുന്നു. അതോടൊപ്പം, പുനഃപരിശോധനാർഹമല്ലെന്ന് പ്രഥമ ദൃഷ്ട്യാൽ കണ്ട പരാതികൾ അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷന്റെ പരിശോധനയ്ക്കും തീർപ്പാക്കുന്നതിനുമായി അയക്കുകയും ചെയ്തിരുന്നു. എന്നാൽ, പ്രസ്തുത പരാതികൾ കൂടി പുന:പരിശോധനകൾക്ക് വിധേയമാക്കുന്നതിനായി പരാമർശം (8) പ്രകാരം പ്രസ്തുത പരാതികൾ തിരികെ ഈ കാര്യാലയത്തിലേക്ക് നൽകിയിരുന്നു. അതിൻപ്രകാരം പ്രസ്തുത അപേക്ഷകൾ പുന:പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി അതാത് ജില്ലാകളക്ടർമാർക്ക് ഈ കാര്യാലയത്തിൽനിന്നും അയക്കുകയുണ്ടായി.

പുന:പരിശോധനാറിപ്പോർട്ടുകൾക്കായി വിവിധ ജില്ലാകളക്ടർമാർക്ക് നൽകിയ അപേക്ഷകളിൽ 12 വിദ്യാർത്ഥികളുടെ പുന:പരിശോധനാറിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പുന: പരിശോധനാ റിപ്പോർട്ടുകളിൽ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ജില്ലാ കളക്ടർമാർ നൽകിയ റിപ്പോർട്ട് പ്രകാരം വെയ്റ്റേജ് 30 ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ചതും അർഹതയുള്ളതുമായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള അംഗീകാരം നൽകുന്നതിനായി പ്രസ്തുത അപേക്ഷകൾ അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റിക്ക് പരാമർശം (14) പ്രകാരം ഈ ഓഫീസിൽനിന്നും അയച്ചിരുന്നു. അതിൻപ്രകാരം അർഹതപ്പെട്ട അഞ്ച് വിദ്യാർത്ഥികൾക്ക് ബി.പി.എൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള അംഗീകാരം അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷന്റെ പരാമർശം (15) പ്രകാരം നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 2017–18 അധ്യയനവർഷം സ്വകാര്യസ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിൽ പ്രവേശനം ലഭിച്ച ഒന്നാംവർഷ വിദ്യാർത്ഥികൾക്ക്, പരാമർശം (7), (13) പ്രകാരം 88 വിദ്യാർത്ഥികൾക്ക് ബി.പി.എൽ സ്കോളർഷിപ്പ് അനുവദിച്ചിരുന്നു. അതിനുപുറമേ താഴെപ്പറയുന്ന അഞ്ച് വിദ്യാർത്ഥികൾക്ക് അഡ്മിഷൻ & ഫീ റെഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ പരാമർശം (4) ഉത്തരവ് പ്രകാരം അതാത് കോളേജുകൾക്ക് നിശ്ചയിച്ചിട്ടുള്ള ട്യൂഷൻഫീസിന്റെ 90% തുക സ്കോളർഷിപ്പായി അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര് | റോൾ നം. | കോളേജിന്റെ പേര് | വെയിറ്റേജ് മാർക്ക് (Out of 100) | ട്യൂഷൻ ഫീസ് (AFRC നിശ്ചയിച്ചിട്ടുള്ളത്) | ബി.പി.എൽ സ്കോളർഷിപ്പ് അനുവദിക്കുന്ന തുക (ട്യൂഷൻ ഫീസിന്റെ 90% തുക) |
|---|---|---|---|---|---|---|
| 1 | REMYMOL N | 102571 | Sree Gokulam Medical College, Venjaramoodu, Thiruvananthapuram | 32 | 4,85,000/- | 4,36,500/- |

| | | | | | | |
|---|---|---|---|---|---|---|
| 2 | ANAKHA SAJEEV RS | 108674 | Mount Zion Medical College Pathanamthitta | 36 | 4,81,200/- | 4,33,080/- |
| 3 | SRUTHI AS | 215655 | SUT Academy of medical science, Vattappara, Thiruvananthapuram | 32 | 4,60,560/- | 4,14,504/- |
| 4 | AZLAM A | 220231 | SUT Academy of medical science, Vattappara, Thiruvananthapuram | 32 | 4,60,560/- | 4,14,504/- |
| 5 | ANJANA KB | 221267 | DM WIMS Medical College Wayanad | 36 | 5,18,560/- | 4,66,704/- |

മേൽ പരാമർശിക്കുന്ന വിദ്യാർത്ഥികൾ പരാമർശം (1) സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള ബോണ്ട് സമർപ്പിക്കേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

***പകർപ്പ്:-***

1. ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് [പരാമർശം (1) സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന ബോണ്ട്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ 23.11.2019, 5 മണിക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. ആയതിന്റെ മാതൃക, പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റായ www.cee.kerala.gov.in- ൽ ലഭ്യമാണ്].
2. ബന്ധപ്പെട്ട സ്വകാര്യ സ്വാശ്രയ മെഡിക്കൽകോളേജ് പ്രിൻസിപ്പാൾമാർക്ക്.
3. ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
4. ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
5. ഡയറക്ടർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.
6. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.
7. അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.
8. സ്റ്റോക്ക് ഫയൽ/കറണ്ട് ഫയൽ.